LIBRARY ARCHIVES Kerala Legislative Assembly

പ്രൈവറ്റ് ബസ്സുകളുടെ പ്രവർത്തനരീതിയെപ്പറ്റിയുള്ള പഠനം

18 (* 725) ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. കെ. ബാബു :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര പ്രൈവറ്റ് ബസ്സുകൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ട് ;

(ബി) പ്രൈവറ്റ് ബസ്സുകളുടെ പ്രവർത്തന രീതിയെപ്പറ്റി ഗവൺമെന്റ് പഠിച്ചിട്ടുണ്ടോ ;

(സി) അവ ലാഭത്തിലാണോ നഷ്ടത്തിലാണോ സർവ്വീസ് നടത്തുന്നത് ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ ബാലകൃഷ്ണപിള്ള) :

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) പ്രൈവറ്റ് ബസ്സുകളുടെ പ്രവർത്തന രീതിയെപ്പറ്റി പ്രത്യേകിച്ച് പഠനം ഒന്നും നടത്തിയിട്ടില്ല.

(സി) ഇത് സംബന്ധിച്ചുള്ള സ്ഥിതി വിവര കണക്കുകൾ ലഭ്യമല്ല. അതുകൊണ്ട് അവ ലാഭത്തിലാണോ നഷ്ടത്തിലാണോ സർവ്വീസ് നടത്തുന്നത് എന്ന് വിലയിരുത്താൻ നിർവ്വാഹമില്ല.

കൈത്തറി ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിന് നടപടി

19 (* 726) ശ്രീ. എം. പി. ജയരാജൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിപണിയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തും വിധം കേരളത്തിൽ നിന്നും കൈത്തറി ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ, വിപണിയുടെ ആവശ്യങ്ങൾക്കനുസൃതമായി സംസ്ഥാനത്തെ ഉൽപ്പന്നങ്ങളെ ക്രമവൽക്കരിക്കാൻ സാധിച്ചിട്ടുണ്ടോ ;

(ബി) മറ്റു സംസ്ഥാനങ്ങളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ കേരളത്തിൽ നിന്നുള്ളവ എന്ന നിലയിൽ വിദേശത്തേക്ക് കയറ്റുമതി ചെയ്തു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കേരളത്തിൽ നിന്നുള്ള കൈത്തറി ഉല്പാദനവും കയറ്റുമതിയും തമ്മിലുള്ള കണക്കിലെ പൊരുത്തക്കേടുകൾ സംബന്ധിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;